# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് ഒമ്പത്

## രാജാവിന്റെ അഭിഷേകം

## (2)

Sat പഴയനിയമത്തിലും പുതിയനിയമത്തിലും, രണ്ടിലും ദൈവരാജ്യത്തെ സംരക്ഷിക്കുന്ന രണ്ട് അടിസ്ഥാന ശുശ്രൂഷകളുണ്ട്—പൗരോഹിത്യവും രാജത്വവും. വേദപുസ്തകത്തിൽ പ്രവാചകന്റെ ശുശ്രൂഷ എന്ന മൂന്നാമതൊരു ശുശ്രൂഷയും ഉണ്ട്. എങ്കിലും, പ്രവാചക ശുശ്രൂഷ അടിസ്ഥാനപരമായ ഒരു ശുശ്രൂഷയല്ല; മറിച്ച്, അത് പൗരോഹിത്യത്തിനും രാജത്വത്തിനുമുള്ള ഒരു അനുബന്ധമാണ്. പൗരോഹിത്യമോ രാജത്വമോ ബലഹീനമാകുമ്പോൾ, അതിനെ ബലപ്പെടുത്തുവാൻ പ്രവാചകന്മാർ കടന്നുവരുന്നു. പഴയനിയമമനുസരിച്ച് പൗരോഹിത്യം ലേവിഗോത്രത്തോടുകൂടെ ആയിരുന്നു. ഒടുവിൽ, പഴയനിയമ പൗരോഹിത്യം ഈ ഗോത്രത്തിലെ പിൻതലമുറക്കാരനായ യോഹന്നാൻ സ്നാപകനിൽ പരിണമിച്ചു. ഇതേ രീതിയിൽ, യേശു ആയിരുന്നു പഴയനിയമ രാജത്വത്തിന്റെ പരിസമാപ്തി; അത് യെഹൂദാഗോത്രത്തോടുകൂടെ ആയിരുന്നു. രാജത്വത്തിന്റെ പരിസമാപ്തിയാകുവാൻ യെഹൂദയുടെ ഒരു പിൻതലമുറക്കാരനായി യേശു വന്നു. ഒരു വശത്ത്, യോഹന്നാൻ സ്നാപകനും യേശുക്രിസ്തുവും പഴയനിയമ പൗരോഹിത്യത്തെയും രാജത്വത്തെയും അവസാനിപ്പിച്ചു; മറുവശത്ത്, അവർ പുതിയനിയമ പൗരോഹിത്യത്തെയും രാജത്വത്തെയും മുളപ്പിച്ചു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, അവർ പഴയനിയമ യുഗത്തെ അവസാനിപ്പിക്കുകയും പുതിയനിയമ യുഗത്തിന് തുടക്കംകുറിക്കുകയും ചെയ്തു.

പൗരോഹിത്യം ജനത്തെ ദൈവത്തിലേക്കു കൊണ്ടുപോകുമ്പോൾ രാജത്വം ദൈവത്തെ ജനത്തിലേക്കു കൊണ്ടുവരുന്നു, അവിടെ സ്വർഗീയ വാഴ്ച, സ്വർഗീയ ഭരണം ഉണ്ട്. ഈ സ്വർഗീയ വാഴ്ചയാണ് രാജ്യം; അത് ഇന്ന് ശരിയായ സഭാജീവിതമാണ്. ഇന്നത്തെ സഭാജീവിതം പൗരോഹിത്യത്തോടും രാജത്വത്തോടുംകൂടെയുള്ള രാജ്യമാണ്. ഈ സഭാജീവിതം

സഹസ്രാബ്ദം വരെ തുടരും. സഹസ്രാബ്ദരാജ്യത്തിൽ അപ്പോഴും പൗരോഹിത്യവും രാജത്വവും ഉണ്ടായിരിക്കും. ഒരു വശത്ത്, ജയാളികളായ നാം പുരോഹിതന്മാരായിരിക്കും, മറുവശത്ത്, നാം രാജാക്കന്മാരായിരിക്കും. അങ്ങനെ, സഹസ്രാബ്ദരാജ്യത്തിൽ പൗരോഹിത്യവും രാജത്വവും ഇന്നത്തെക്കാൾ ശക്തിയേറിതായിരിക്കും. രാജാവ് ജനത്തെ നേടുകയും ജനം രാജാവിനെ നേടുകയും ചെയ്യത്തക്കവണ്ണം അവർ ഭൂമിയിൽ ദൈവത്തിന്റെ രാജ്യത്തെ നിലനിർത്തും. സഹസ്രാബ്ദത്തിനുശേഷം പൗരോഹിത്യത്തിന്റെ ആവശ്യം ഉണ്ടായിരിക്കുകയില്ല. പുതിയ യെരൂശലേമിനോടുകൂടെയുള്ള പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും എല്ലാവരും ദൈവസന്നിധിയിലായിരിക്കും എന്നുള്ളതുകൊണ്ട് നിത്യതയിൽ രാജത്വം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ആ സമയം ദൈവം മനുഷ്യനോടുകൂടെ ആയിരിക്കും. അങ്ങനെ, ജനത്തെ ദൈവത്തിലേക്കു കൊണ്ടുവരുവാൻ പൗരോഹിത്യത്തിന്റെ ആവശ്യം ഇനിമേൽ ഉണ്ടായിരിക്കുകയില്ല. നിത്യതയിൽ ദൈവത്തിന്റെ സാന്നിദ്ധ്യം പൗരോഹിത്യത്തെ ഇല്ലായ്മ ചെയ്യും. എന്നിരുന്നാലും, പുതിയ യെരൂശലേമിലുള്ളവർ നഗരത്തിനു ചുറ്റുമുള്ള ജാതികളുടെമേൽ വാഴേണ്ടതിന് രാജത്വം നിലനിൽക്കും. പൗരോഹിത്യത്തിന്റെയും രാജത്വത്തിന്റെയും വെളിച്ചത്തിൽ വേദപുസ്തകത്തിന്റെ ഒരു രത്നച്ചുരുക്കം ഇതാണ്.

കഴിഞ്ഞ ദൂതിൽ നാം ശുപാർശക്കാരനായ യോഹന്നാൻ സ്നാപകനെക്കുറിച്ച് ചിന്തിച്ചിരുന്നു. ഈ ദൂതിൽ നമുക്ക് യോഹന്നാന്റെ ശുപാർശാ ദൂത് പരിഗണിക്കാം.

## C. ശുപാർശാ ദൂത്

### *1. സ്വർഗരാജ്യത്തിനു വേണ്ടിയുള്ള മാനസാന്തരം*

യോഹന്നാന്റെ ശുപാർശാദൂത് ചുരുക്കത്തിലാണെങ്കിലും അത് നിർണ്ണായകവും സർവവും ഉൾക്കൊള്ളുന്നതും ആണ്. മത്തായി 3:2 പറയുന്നു, "മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു." ഈ വാക്യത്തിലെ ഒന്നാമത്തെ സുപ്രധാന വാക്ക് "മാനസാന്തരപ്പെടുക" എന്ന പദമാണ്. ഈ പദത്തോടുകൂടെ യോഹന്നാൻ തന്റെ ശുശ്രൂഷ ആരംഭിച്ചു. മാനസാന്തരപ്പെടുകയെന്നാൽ പശ്ചാത്താപത്തിൽ പരിണമിക്കുന്ന ഒരു മനംമാറ്റം ഉണ്ടായിരിക്കുക, ഉദ്ദേശ്യത്തിൽ ഒരു തിരിവ് ഉണ്ടായിരിക്കുക എന്നാണ്. യവനഭാഷയിൽ മാനസാന്തരപ്പെടുവിൻ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന പദം അർത്ഥമാക്കുന്നത് മനസ്സിൽ ഒരു മാറ്റം ഉണ്ടായിരിക്കുക എന്നാണ്. മാനസാന്തരപ്പെടുകയെന്നാൽ നാം ചിന്തിക്കുന്നതിൽ, നമ്മുടെ തത്ത്വചിന്തയിൽ, നമ്മുടെ യുക്തിയിൽ ഒരു മാറ്റം ഉണ്ടായിരിക്കുക

എന്നാണ്. വീണുപോയ മനുഷ്യന്റെ ജീവിതം പൂർണ്ണമായും അവൻ ചിന്തിക്കുന്നതിനനുസരിച്ചാണ്. അവൻ ആയിരിക്കുന്നതും ചെയ്യുന്നതുമായ സകലതും അവന്റെ മനസ്സിനനുസൃതമായിട്ടാണ്. നിങ്ങൾ വീണുപോയ ഒരുവനായിരുന്നപ്പോൾ, നിങ്ങളുടെ മനസ്സിനാൽ നിങ്ങൾ നടത്തപ്പെട്ടു. നിങ്ങളുടെ മനോഭാവവും യുക്തിയും തത്ത്വചിന്തയും നിങ്ങളുടെ ജീവിതരീതിയെ ഭരിച്ചു. രക്ഷിക്കപ്പെടുന്നതിനുമുമ്പ് നാം എല്ലാവരും നമ്മുടെ വീണുപോയ ചിന്താഗതിയുടെ നിർദ്ദേശത്തിൻ കീഴിലായിരുന്നു. നാം ദൈവത്തിൽനിന്നു വളരെ ദൂരെയും, നമ്മുടെ ജീവിതം അവന്റെ ഹിതത്തിന് നേരെ വിപരീതവും ആയിരുന്നു. നമ്മുടെ വീണുപോയ ചിന്താഗതിയുടെ സ്വാധീനത്തിൻകീഴിൽ, നാം ദൈവത്തിൽനിന്നു വളരെയേറെ ദൂരേക്ക് വഴിതെറ്റിപ്പോയി. എന്നാൽ ഒരു ദിവസം മാനസാന്തരപ്പെടുവാൻ, നാം ചിന്തിക്കുന്നതിലും നമ്മുടെ തത്ത്വചിന്തയിലും യുക്തിയിലും ഒരു തിരിവുണ്ടായിരിക്കുവാൻ പറയുന്ന സുവിശേഷപ്രസംഗം നാം കേട്ടു.

ഞാൻ രക്ഷിക്കപ്പെടുമ്പോഴുള്ള എന്റെ അനുഭവം ഇതായിരുന്നു. എന്റെ സ്വന്തം ദിശയിലേക്ക് ഓടുന്ന ഒരു ഇളം കുതിരയെപ്പോലെയായിരുന്നു ഞാൻ. വാസ്തവത്തിൽ ഞാൻ എന്റെ ദിശയല്ല, പിശാചിന്റെ ദിശ ആയിരുന്നു എടുത്തിരുന്നത്, കാരണം ദൈവത്തിൽനിന്നും എന്നെ ദൂരേക്ക് ഓടിച്ചുകൊണ്ട് പിശാച് എന്റെ വീണുപോയ ചിന്താഗതിയിലൂടെ എന്നെ നടത്തുകയായിരുന്നു. എന്നാൽ ഒരു ദിവസം മാനസാന്തരപ്പെടുവാനുള്ള വിളി—എന്റെ തത്ത്വചിന്തയിൽ ഒരു മാറ്റമുണ്ടായിരിക്കുവാനുള്ള, എന്റെ യുക്തിയിലും ചിന്തയിലും ഒരു മാറ്റം ഉണ്ടായിരിക്കുവാള്ള വിളി—ഞാൻ കേട്ടു. ഒരു വലിയ മാറ്റത്തിലൂടെ ഞാൻ കടന്നു പോയതിനായി കർത്താവിനെ സ്തുതിക്കുന്നു! ഞാൻ ഒരു ദിശയിൽ നീങ്ങുകയായിരുന്നു, എന്നാൽ മാനസാന്തരപ്പെടാനുള്ള വിളി ഞാൻ കേട്ടപ്പോൾ ഞാൻ എതിർ ദിശയിലേക്ക് തിരിഞ്ഞു. നമുക്ക് എല്ലാവർക്കും പരിവർത്തനം എന്നു വിളിക്കപ്പെടുന്ന ഇത്തരത്തിലുള്ള ഒരു തിരിവുണ്ടായിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. നാം പരിവർത്തിതരായപ്പോൾ നമ്മുടെ കഴിഞ്ഞ കാലത്തിലേക്ക് നാം നമ്മുടെ പുറം തിരിക്കുകയും ദൈവത്തിലേക്ക് നാം നമ്മുടെ മുഖം തിരിക്കുകയും ചെയ്തു. ഇതാണ് മാനസാന്തരപ്പെടുക, നമ്മുടെ മനസ്സിന്റെ ഒരു മാറ്റം ഉണ്ടായിരിക്കുക എന്നതുകൊണ്ട് അർഥമാക്കുന്നത്.

ഓരോ സിദ്ധാന്തവും ഒരുവന്റെ ജീവിതത്തെ നിർദ്ദേശിക്കുന്ന ഒരു തത്ത്വചിന്തയാണ്. മിക്കവാറും എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഒരു സിദ്ധാന്തമുണ്ട്, ആ സിദ്ധാന്തം ഫലത്തിൽ ഒരു ദൈവമാണ്. എന്നാൽ നമുക്കൊരു സിദ്ധാന്തമില്ല—നമുക്ക് കർത്താവുണ്ട്. നമുക്ക് ദൈവമുണ്ട്. മുമ്പ് നാം ഒരു പ്രത്യേക സിദ്ധാന്തത്തിന്റെ

നിർദ്ദേശത്തിൻ കീഴിലായിരുന്നു; എന്നാൽ ഇപ്പോൾ നാം ദൈവത്തിന്റെ നിർദ്ദേശത്തിൻ കീഴിലാണ്. നമ്മുടെ മനസ്സ് സമൂലമായി മാറ്റപ്പെട്ടിരിക്കുന്നു. നാം ഒരു പ്രത്യേക ദിശയിലേക്ക് പോകുകയായിരുന്നു; എന്നാൽ ഇപ്പോൾ വിപരീത ദിശയിൽ പൊയ്ക്കൊണ്ടിരിക്കുന്നു. നമ്മുടെ ചിന്തയിൽ, നമ്മുടെ ധാരണയിൽ നമുക്ക് ഒരു മാറ്റം ഉണ്ടായിരിക്കുന്നു.

വാക്യം 2-ലെ നിർണ്ണായകമായ രണ്ടാമത്തെ പദം രാജ്യമാണ്. ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ പ്രാരംഭം എന്ന നിലയിൽ യോഹന്നാൻ സ്നാപകന്റെ പ്രസംഗത്തിലെ മാനസാന്തരം സ്വർഗരാജ്യത്തിനു വേണ്ടിയുള്ള ഒരു തിരിവ് ഉണ്ടായിരിക്കുന്നതിനായിരുന്നു. ഇതു സൂചിപ്പിക്കുന്നത് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ അവന്റെ രാജ്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നാണ്. ഇതിനായി നാം മാനസാന്തരപ്പെടണം, മനസ്സിന് മാറ്റം വരുത്തണം, നമ്മുടെ ജീവിത ഉദ്യമത്തിൽ ഒരു തിരിവുണ്ടായിരിക്കണം. നമ്മുടെ ഉദ്യമത്തിന്റെ ലക്ഷ്യം മറ്റു കാര്യങ്ങൾക്കു നേരെയായിരുന്നു; ഇപ്പോൾ നമ്മുടെ ഉദ്യമം ദൈവത്തിനും അവന്റെ രാജ്യത്തിനും നേരെ തിരിയണം; ഇതിനെ മത്തായിയിൽ സ്വർഗരാജ്യം എന്ന് പ്രത്യേകമായും മനഃപൂർവമായും വിളിച്ചിരിക്കുന്നു (പ്ര.നി. മർക്കൊ. 1:15). മത്തായിയുടെ മുഴുവൻ സുവിശേഷത്തിന്റെയും പശ്ചാത്തലമനുസരിച്ച്, സ്വർഗരാജ്യം മശിഹൈക രാജ്യത്തിൽനിന്നും വ്യത്യസ്തമാണ്. മശിഹൈക രാജ്യം (ദാവീദിന്റെ പുനർനിർമ്മിക്കപ്പെട്ട കൂടാരമായ—പ്രവൃ 15:16), ദാവീദിന്റെ പുനഃസ്ഥാപിക്കപ്പെട്ട രാജ്യമായിരിക്കും; അത് യിസ്രായേൽമക്കളെക്കൊണ്ടുള്ളതും, ഭൗമികവും, പ്രകൃതത്തിൽ ഭൗതികവും ആണ്; എന്നാൽ സ്വർഗരാജ്യം വീണ്ടുംജനിച്ച വിശ്വാസികളെക്കൊണ്ട് സംരചിക്കപ്പെട്ടതും, സ്വർഗീയവും, ആത്മികവും ആണ്.

രാജ്യത്തിനുവേണ്ടി മാനസാന്തരപ്പെടുവാൻ യോഹന്നാൻ സ്നാപകൻ തന്റെ ദൂതിൽ ജനത്തോടു പറഞ്ഞു. നാം സ്വർഗത്തിലേക്കു പോകുന്നതിനോ രക്ഷ പ്രാപിക്കുന്നതിനോ അല്ല മാനസാന്തരപ്പെടണമെന്ന് അവൻ പറഞ്ഞത്. രാജ്യത്തിനുവേണ്ടി മാനസാന്തരപ്പെടണമെന്ന് അവൻ പറഞ്ഞു. രാജ്യം സൂചിപ്പിക്കുന്നത് ഒരു തരത്തിലുള്ള വാഴ്ചയെ, ഭരണത്തെ ആണ്. നാം രക്ഷിക്കപ്പെടുന്നതിനുമുമ്പ് നാം യാതൊരു ഭരണത്തിൻകീഴിലും ആയിരുന്നില്ല. നാം എന്തു ചെയ്യണമെന്ന് നമ്മോടു പറയുവാൻ പൊലീസോ, ഭരണകൂടമോ, കോടതികളോ ഇല്ലായിരുന്നെങ്കിൽ നമുക്കിഷ്ടമുള്ളതെന്തും നാം ചെയ്യുമായിരുന്നു. എന്നാൽ, നാം സുവിശേഷപ്രസംഗം കേട്ടപ്പോൾ, യാതൊരു ഭരണവുമില്ലാത്ത ഒരു അവസ്ഥയിൽനിന്നും ഭരണംകൊണ്ടു നിറഞ്ഞ ഒരു അവസ്ഥയിലേക്ക് നാം തിരിഞ്ഞു. അങ്ങനെ, നാം ഇപ്പോൾ രാജ്യത്തിലാണ്. നാം രക്ഷിക്കപ്പെടുന്നതിനുമുമ്പ്, നമുക്കൊരു

രാജാവുണ്ടായിരുന്നില്ല. എന്നാൽ നാം കർത്താവിലേക്കു തിരിഞ്ഞതിനുശേഷം അവൻ നമ്മുടെ രാജാവായിത്തീർന്നു. ഇപ്പോൾ നാം എല്ലാവരും ഈ രാജാവിന്റെ ഭരണത്തിൻ കീഴിലാണ്. രാജാവിനോടുകൂടെ രാജത്വമുണ്ട്, ഈ രാജത്വമാണ് രാജ്യം. ഇന്നു നാം ഈ രാജാവിന്റെ രാജ്യത്തിലാണ്.

വാക്യം 2-ലെ മൂന്നാമത്തെ നിർണ്ണായകമായ പദം സ്വർഗങ്ങളാണ്. സ്വർഗരാജ്യത്തിനായി മാനസാന്തരപ്പെടുവാൻ യോഹന്നാൻ പറഞ്ഞു. ഒരു എബ്രായ ഭാഷാശൈലിയായ "സ്വർഗങ്ങൾ" എന്ന പദം സ്വഭാവത്തിൽ ബഹുവചനത്തിലുള്ള യാതൊന്നിനെയും പരാമർശിക്കുന്നില്ല; അത് ഉന്നത സ്വർഗത്തെ, വേദപുസ്തകമനുസരിച്ച് സ്വർഗത്തിനു മീതെയുള്ള സ്വർഗമായ മൂന്നാം സ്വർഗത്തെ പരാമർശിക്കുന്നു. ഈ മൂന്നാം സ്വർഗത്തെ സ്വർഗങ്ങൾ എന്നു വിളിച്ചിരിക്കുന്നു. സ്വർഗരാജ്യം ആകാശത്തിലുള്ള ഒരു രാജ്യത്തെയല്ല, മറിച്ച് ആകാശത്തിനു മീതെയുള്ള ഒരു രാജ്യത്തെ, ദൈവത്തിന്റെ സിംഹാസനം ഉള്ളിടമായ സ്വർഗത്തിനു മീതെയുള്ള സ്വർഗത്തെ പരാമർശിക്കുന്നു. ഈ രാജ്യത്തിൽ ദൈവത്തിന്റെ തന്നെയായ ഭരണം, വാഴ്ച ഉണ്ട്. അതുകൊണ്ട്, സ്വർഗരാജ്യം മൂന്നാം സ്വർഗത്തിലുള്ള ദൈവരാജ്യമാണ്; അവിടെ അവനാൽ സൃഷ്ടിക്കപ്പെട്ട സകലത്തിന്റെയുംമേൽ അവൻ തന്റെ അധികാരം പ്രയോഗിക്കുന്നു. ഈ സ്വർഗരാജ്യം ഭൂമിയിലേക്ക് ഇറങ്ങിവരണം. ഈ സ്വർഗീയ വാഴ്ച ഭൂമിയുടെമേലുള്ള അധികാരമായിരിക്കുവാൻ ഭൂമിയിലേക്ക് ഇറങ്ങിവരണം.

വാക്യം 2-ലെ യോഹന്നാന്റെ വാക്കനുസരിച്ച് "സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു." യോഹന്നാൻ സ്നാപകന്റെ വരവിനുമുമ്പ് സ്വർഗരാജ്യം അവിടെ ഉണ്ടായിരുന്നില്ലെന്ന് ഇത് വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. അവന്റെ പ്രത്യക്ഷതയ്ക്കു ശേഷം, അവന്റെ പ്രസംഗ സമയത്തുപോലും, സ്വർഗരാജ്യം അപ്പോഴും അവിടെ ഉണ്ടായിരുന്നില്ല; അത് സമീപിച്ചിരുന്നതേ ഉണ്ടായിരുന്നുള്ളൂ. കർത്താവു തന്റെ ശുശ്രൂഷ തുടങ്ങിയ സമയത്തും, തന്റെ ശിഷ്യന്മാരെ പ്രസംഗിക്കുവാൻ അയച്ച സമയത്തുപോലും, സ്വർഗരാജ്യം വന്നിരുന്നില്ല (4:17; 10:7). തന്മൂലം, പതിമൂന്നാം അധ്യായത്തിൽ കർത്താവിന്റെ പ്രസംഗത്തെ സൂചിപ്പിക്കുന്ന വിത്തിന്റെ ഉപമയായ ഒന്നാമത്തെ ഉപമയിൽ (വാ. 3-9) "സ്വർഗരാജ്യം ഇന്നതിനോടു സദൃശം" എന്നു കർത്താവു പറഞ്ഞില്ല. പെന്തക്കോസ്തു നാളിലെ സഭയുടെ സ്ഥാപനത്തെ സൂചിപ്പിക്കുന്ന കളയുടെ ഉപമയായ രണ്ടാമത്തെ ഉപമ വരെ (വാ. 24) കർത്താവ് ഇതു പറഞ്ഞില്ല. മത്തായി 16:18-ഉം 19-ഉം "സഭ" എന്നും "സ്വർഗരാജ്യം" എന്നുമുള്ള പ്രയോഗങ്ങൾ പരസ്പരം മാറ്റത്തക്കവണ്ണം ഉപയോഗിച്ചിരിക്കുന്നു എന്ന വസ്തുത

തെളിയിക്കുന്നത് സഭ സ്ഥാപിക്കപ്പെട്ടപ്പോൾ സ്വർഗരാജ്യം വന്നു എന്നാണ്.

യോഹന്നാൻ സ്നാപകൻ വന്നപ്പോൾ, സ്വർഗരാജ്യം സമീപിച്ചിരുന്നതേയുള്ളൂ. അത് വന്നുകൊണ്ടിരിക്കുകയായിരുന്നു, എത്തുകയായിരുന്നു, എന്നാൽ അതുവരെ വന്നിരുന്നില്ല. ഇതു തെളിയിക്കുന്നത് പഴയനിയമത്തിൽ സ്വർഗരാജ്യം ഉണ്ടായിരുന്നില്ല എന്നാണ്. മോശെയുടെയും ദാവീദിന്റെയും സമയത്തുപോലും സ്വർഗരാജ്യം ഉണ്ടായിരുന്നില്ല. സ്വർഗരാജ്യം അതിന്റെ വഴിയിലാണെന്ന് യോഹന്നാൻ സ്നാപകൻ പറഞ്ഞു: അത് എത്തിച്ചേർന്നു എന്ന് അവൻ പറഞ്ഞില്ല. കർത്താവായ യേശു തന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ, "മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" എന്ന് അവനും പറഞ്ഞു (4:17). കത്താവായ യേശു തന്റെ ശുശ്രൂഷ ആരംഭിച്ചപ്പോഴും സ്വർഗരാജ്യം എത്തിയിരുന്നില്ല എന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു. സ്വർഗരാജ്യത്തിനായി മാനസാന്തരപ്പെടാൻ യോഹന്നാൻ സ്നാപകൻ തന്റെ ദൂതിൽ ജനത്തോടു പറഞ്ഞു: ആ സമയത്ത് അത് വന്നുകൊണ്ടിരിക്കുകയായിരുന്നു. പെന്തക്കോസ്തു നാളിൽ സ്വർഗരാജ്യം യെരൂശലേമിൽ എത്തിച്ചേർന്നു. ഇത് അർഥമാക്കുന്നത് സഭ നിലവിൽ വന്ന അതേ സമയത്ത് അത് എത്തിയെന്നാണ്. ഇന്ന് തന്റെ തത്ത്വചിന്തയിൽ ഒരു മാറ്റം ഉണ്ടായിരിക്കുകയും ദൈവത്തിലേക്കു മടങ്ങിവരികയും ചെയ്യുന്ന ഏവനും ഉടനെതന്നെ സ്വർഗരാജ്യത്തിലായിരിക്കും. ഹല്ലേലൂയ്യാ, നാം സ്വർഗരാജ്യത്തിലാണ്! നമുക്കൊരു രാജാവുണ്ട്, നാം അവന്റെ ഭരണത്തിൻകീഴിലാണ്.

നിരവധി സമയങ്ങളിൽ നമ്മുടെ ഉള്ളിലുള്ള രാജാവിന്റെ ഭരണം നാം പൊലീസുകാരാലോ കോടതിയാലോ ഭരിക്കപ്പെടുന്നത് ആവശ്യമില്ലാതാക്കുന്നു. ഉള്ളിലുള്ള ഈ രാജാവ് വക്കീലന്മാർക്ക് ജോലിയില്ലാതാക്കുന്നു. എങ്കിലും, മാനസാന്തരപ്പെടാത്തവരും ദൈവത്തിലേക്ക് മടങ്ങിവരാത്തവരും രാജാവിൻകീഴിലല്ല. പകരം, അവർ സ്ഥിരമായി നിയമത്തെ ലംഘിക്കുന്നു. ഇക്കാരണത്താൽ, നിരവധി ആളുകൾ കോടതിയിലേക്ക് വിളിപ്പിക്കപ്പെടുന്നു. എന്നാൽ രാജ്യജനമായ നാം സ്വർഗരാജ്യത്തിന്റെ രാജാവിൻ കീഴിലാണ്. ഈ രാജാവ് നമ്മുടെ ആളത്തത്തിലേക്ക് വന്നിരിക്കുന്നു. ഈ നിമിഷംപോലും അവൻ നമ്മുടെ ആത്മാവിൽ വസിക്കുന്നു. അവൻ നമ്മോടു സംസാരിക്കുമ്പോൾ, അവൻ മുഖ്യമായി ഒരു വാക്കു പറയുന്നു—"അരുത്." എന്റെ അനുഭവത്തിൽ അവന്റെ ഏറ്റവും പ്രയപ്പെട്ട വാക്ക് "അരുത്" ആണ്. നമ്മുടെ ഉള്ളിൽ ഭരിക്കുന്ന ഒരു "അരുത്" ഉണ്ട്. ഈ ചെറിയ പദത്തിനായി കർത്താവിന് സ്തോത്രം ചെയ്യുന്നു, കാരണം ഇത് വളരെ വലിയ പ്രശ്നങ്ങളിൽ നിന്നും നമ്മെ രക്ഷിക്കുന്നു. "അരുത്" എന്ന ആന്തരിക സംസാരം

ഉള്ളിലെ രാജാവിന്റെ ഭരണമാണ്. ഒരുപക്ഷേ ഇന്ന് നിരവധി പ്രാവശ്യം രാജാവിന്റെ "അരുത്" നിങ്ങൾ കേട്ടിട്ടുണ്ട്. രാജ്യജനം ഈ "അരുത്" ശ്രദ്ധിക്കുന്നില്ലെങ്കിൽ അവർ പിന്മാറ്റക്കാരായി ത്തീരും. നാം സ്വർഗരാജ്യത്തിലായതുകൊണ്ട്, "അരുത്" എന്ന പദം സംസാരിച്ചുകൊണ്ട് മിക്കപ്പോഴും രാജാവു നമ്മെ ഭരിക്കുന്നു.

യോഹന്നാൻ സ്നാപകന് മറ്റുള്ളവരെ എങ്ങനെ രാജ്യത്തിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞുവെന്ന് നമുക്കു നോക്കാം. യോഹന്നാന്റെ ശുശ്രൂഷ മറ്റുള്ളവരെ ദൈവത്തിലേക്കു കൊണ്ടു വരുന്നതായിരുന്നു (ലൂക്കൊ. 1:16-17). നിർവ്യാജനായ ഒരു പുരോഹിതനായ യോഹന്നാൻ സ്നാപകൻ "തന്റെ അമ്മയുടെ ഗർഭം മുതൽക്കേ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായിരുന്നു" (ലൂക്കൊ. 1:15). ശൈശവംമുതൽ മുപ്പതാം വയസ്സിൽ പ്രായ പൂർത്തിയാകുംവരെ അവൻ വളർന്നപ്പോൾ അവൻ നിരന്തരം പരിശുദ്ധാത്മാവിൽ നിമജ്ജനം ചെയ്യപ്പെട്ടിരുന്നു എന്നതിന് സംശയമില്ല. അവൻ പരിശുദ്ധാത്മാവിനാൽ കവിഞ്ഞൊഴുകിയും സാന്ദ്രീകരിക്കപ്പെട്ടുമിരുന്നതുകൊണ്ട് അവന് ധൈര്യമുള്ളവനായി രിക്കുവാൻ കഴിഞ്ഞു. യുഗത്തിന്റെ ഒഴുക്കിനെതിരെ നിൽക്കുന്നത് ഗൗരവകരമായ ഒരു കാര്യമാണ്. ഇതു ചെയ്യുന്നതിന് വളരെയധികം ധൈര്യം ആവശ്യമുണ്ട്. യെഹൂദമതത്തിനും യവന-റോമാ സംസ്കാരത്തിനും എതിരെ നിൽക്കുവാൻ എങ്ങനെ യോഹന്നാൻ സ്നാപകന് ഇത്ര ധൈര്യമുള്ളവനായിരിക്കുവാൻ കഴിഞ്ഞു? മുപ്പതു വർഷം പരിശുദ്ധാത്മാവിൽ നിമജ്ജനം ചെയ്യപ്പെട്ടിരുന്നതുകൊണ്ട് അവൻ ധൈര്യമുള്ളവനായിരുന്നു. അവൻ പരിശുദ്ധാത്മാവിനാൽ പൂർണ്ണമായി കുതിർക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു. അതുകൊണ്ട്, അവൻ ശുശ്രൂഷിക്കുവാൻ പുറപ്പെട്ടുവന്നപ്പോൾ പരിശുദ്ധാത്മാവിലും ശക്തിയോടുകൂടെയും പുറപ്പെട്ടുവന്നു. അതെ, പഴയ യുഗത്തെ അവൻ നിരാകരിച്ചിരുന്നു എന്നതിന്റെ ഒരു അടയാളമായി അവൻ ഒട്ടകത്തിന്റെ രോമം ധരിച്ചിരുന്നു. എന്നാൽ അത് വെറും പുറമെയുള്ള ഒരു അടയാളമായിരുന്നു. അവന്റെ ഉള്ളിൽ യാഥാർഥ്യവും ഉണ്ടായിരുന്നു; ആ യാഥാർഥ്യം ആത്മാവും ശക്തിയും ആയിരുന്നു. യോഹന്നാനിലുള്ള യാഥാർഥ്യം ദൈവസാന്നിധ്യം മാത്രമായിരുന്നില്ല, പിന്നെയോ ദൈവാത്മാവും ആയിരുന്നു.

യോഹന്നാൻ പരിശുദ്ധാത്മാവിനാൽ നിമജ്ജനം ചെയ്യപ്പെട്ടും, സാന്ദ്രീകരിക്കപ്പെട്ടും, കുതിർക്കപ്പെട്ടുമിരുന്നു. സ്വതവേ ഇത് അവനെ ഒരു വലിയ കാന്തമായിരിക്കുവാൻ ഇടയാക്കി. അവൻതന്നെ പൂർണ്ണമായി നിറഞ്ഞിരുന്നതുകൊണ്ട് അവന് ഒരു കാന്തമായിരിക്കുവാൻ കഴിഞ്ഞു. വർഷംതോറും, ദിനംപ്രതിയും അവൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായിരുന്നു. അതുകൊണ്ട് തന്റെ ശുശ്രൂഷയിൽ അവൻ ശക്തിയുള്ള

ഒരു കാന്തമായിരുന്നു. യോഹന്നാനോടുകൂടെ ആത്മാവും ആകർഷണശക്തിയും ഉണ്ടായിരുന്നു. അതുകൊണ്ട്, ലൂക്കൊസ് 1:16 പറയുന്നതുപോലെ, അവൻ യിസ്രായേൽമക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിലേക്ക് തിരിച്ചുവരുത്തി. (ഇവിടെ പറയുന്ന കർത്താവ് യഹോവയ്ക്ക് സമമാണ്). യിസ്രായേല്യരിൽ പലരെയും യോഹന്നാൻ കർത്താവിലേക്കു തിരിച്ചു എന്ന വസ്തുത ചൂണ്ടിക്കാണിക്കുന്നത് യിസ്രായേൽരാഷ്ട്രം ദൈവത്തിൽനിന്നു തിരിഞ്ഞിരുന്നു എന്നാണ്. അവർ അവനിൽനിന്നു തിരിഞ്ഞിരുന്നില്ലെങ്കിൽ, അവരെ തിരികെ മടക്കിക്കൊണ്ടുവരുവാൻ യോഹന്നാൻ സ്നാപകന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല. വിളക്കു തെളിക്കുകയും, ധൂപം കത്തിക്കുകയും ചെയ്തുകൊണ്ട് ആലയത്തിൽ ദൈവത്തെ സേവിച്ചിരുന്ന പുരോഹിതന്മാർപോലും ദൈവത്തിൽനിന്നു തിരിയുകയും അവനിൽനിന്നും അകന്നുപോകുകയും ചെയ്തിരുന്നു. നിരവധി പുരോഹിതന്മാർ ദൈവത്തിലേക്ക് തിരിഞ്ഞുവെന്ന് പുതിയനിയമത്തിൽ മറ്റൊരിടത്ത് പറഞ്ഞിരിക്കുന്നു (പ്രവൃ. 6:7). അങ്ങനെ, ദൈവത്തെ സേവിച്ചിരുന്ന പുരോഹിതന്മാർക്കുപോലും ദൈവത്തിലേക്കുള്ള ഒരു തിരിവ് ആവശ്യമായിരുന്നു. അതുകൊണ്ട്, അനേകരെ കർത്താവിലേക്കു തിരിക്കുവാൻ യോഹന്നാൻ സ്നാപകൻ ഉപയോഗിക്കപ്പെട്ടു.

## *2. പ്രകൃതത്തിന് മാറ്റം ഉണ്ടാകേണ്ടതിന്റെ ആവശ്യം*

നമ്മുടെ പ്രകൃതത്തിനു മാറ്റംഉണ്ടാകേണ്ടതിന്റെ ആവശ്യം യോഹന്നാന്റെ അടുക്കലേക്കു വന്ന പരീശന്മാരോടും സദൂക്യരോടുമുള്ള അവന്റെ വാക്ക് വെളിപ്പെടുത്തുന്നു. വാക്യം 7 പറയുന്നു, "എന്നാൽ പരീശന്മാരിലും സദൂക്യരിലും അനേകർ തന്റെ സ്നാനത്തിനു വരുന്നത് കണ്ടപ്പോൾ അവൻ അവരോടു പറഞ്ഞു, സർപ്പസന്തതികളേ, വരുവാനുള്ള ക്രോധത്തിൽനിന്ന് ഓടിപ്പോകുവാൻ നിങ്ങളെ പ്രേരിപ്പിച്ചത് ആർ?" ക്രിസ്തുവിന് ഏകദേശം 200 വർഷങ്ങൾക്കു മുമ്പ് രൂപപ്പെട്ട യെഹൂദന്മാരുടെ ഏറ്റവും കർക്കശമായ മതഭേദമായിരുന്നു പരീശന്മാർ (പ്രവൃ. 26:5). അവർ തങ്ങളുടെ ശ്രേഷ്ഠമായ ജീവിതത്തിന്റെ വിശുദ്ധിയെയും, ദൈവത്തോടുള്ള ഭക്തിയെയും, തിരുവെഴുത്തുകളുടെ പരിജ്ഞാനത്തെയുംകുറിച്ച് അഭിമാനിച്ചിരുന്നു. വാസ്തവത്തിൽ അവർ നാട്യപരമായ പെരുമാറ്റത്തിലേക്കും കപടഭക്തിയിലേക്കും അധഃപതിച്ചിരുന്നു (മത്താ. 23:2-33). യെഹൂദമതത്തിലെ മറ്റൊരു മതഭേദമായിരുന്നു സദൂക്യർ (പ്രവൃ. 5:17). അവർ പുനരുത്ഥാനത്തിലോ ദൂതന്മാരിലോ, ആത്മാക്കളിലോ വിശ്വസിച്ചിരുന്നില്ല (മത്താ. 22:23; പ്രവൃ. 23:8). പരീശന്മാരെയും സദൂക്യരെയും യോഹന്നാൻ സ്നാപകനും കർത്താവായ യേശുവും

സർപ്പസന്തതികളെന്നു വിളിച്ച് തള്ളിപ്പറഞ്ഞു (3:7; 12:34; 23:33). പരീശന്മർ യാഥാസ്ഥിതികരായി കരുതിയിരുന്നു; എന്നാൽ സദൂക്യർ പ്രാചീനകാലത്തെ ആധുനികവാദികൾ ആയിരുന്നു.

8-ഉം 9-ഉം വാക്യങ്ങളിൽ യോഹന്നാൻ പറഞ്ഞു, "എങ്കിൽ നിങ്ങളുടെ മാനസാന്തരത്തിനു യോഗ്യമായ ഫലം പുറപ്പെടുവിക്കുവിൻ. അബ്രാഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ട് എന്ന് നിങ്ങളിൽത്തന്നെ പറയുവാൻ ഭാവിക്കരുത്; ഈ കല്ലുകളിൽനിന്ന് അബ്രാഹാമിന് മക്കളെ എഴുന്നേല്പിക്കുവാൻ ദൈവത്തിനു കഴിയും എന്ന് ഞാൻ നിങ്ങളോടു പറയുന്നു." യെഹൂദന്മാർ പശ്ചാത്തപിക്കാത്തതു നിമിത്തം ഈ വാക്കും വാക്യം 10-ലെ വാക്കും നിറവേറിയിരിക്കുന്നു. ദൈവം അവരെ മുറിച്ചുകളയുകയും വിശ്വാസത്തിൽ അബ്രാഹാമിന്റെ മക്കളായിരിക്കുവാൻ വിശ്വസിക്കുന്നവരായ ജാതികളെ എഴുന്നേല്പിക്കുകയും ചെയ്തിരിക്കുന്നു (റോമ. 11:15; 19-20, 22; ഗലാ. 3:7, 28-29). യോഹന്നാൻ പ്രസംഗിച്ച സ്വർഗരാജ്യം ജനനത്താൽ അബ്രാഹാമിന്റെ മക്കളായവരെക്കൊണ്ടല്ല, പിന്നെയോ വിശ്വാസത്താൽ അബ്രാഹാമിന്റെ മക്കളായവരെക്കൊണ്ട് സംരചിക്കപ്പെടുന്നു എന്ന് ഈ വാക്യത്തിലെ യോഹന്നാന്റെ വാക്ക് വ്യക്തമായി ചൂണ്ടിക്കാണിക്കുന്നു. അങ്ങനെ, അത് മശിഹായുടെ ഭൗമിക രാജ്യമല്ല, ഒരു സ്വർഗീയ രാജ്യമാണ്.

പരീശന്മാരും സദൂക്യരും യിസ്രായേൽമക്കളുടെ നേതാക്കന്മാരായിരുന്നു. അവർ യോഹന്നാൻ സ്നാപകന്റെ അടുക്കൽ വന്നപ്പോൾ, ശാസിക്കുന്ന സ്വരത്തിൽ അവൻ അവരെ സർപ്പസന്തതികളെന്നു വിളിച്ചു. സർപ്പങ്ങൾ വിഷമുള്ള പാമ്പുകളാണ്. യോഹന്നാൻ ഈ വാക്ക് യെഹൂദന്മാരോട്, തിരഞ്ഞെടുക്കപ്പെട്ട വംശത്തോട് സംസാരിച്ചു. യിസ്രായേൽമക്കൾ ജാതീയരായ പന്നികളല്ല. അവർ ജാതികളെ പന്നികളായും അവരെത്തന്നെ വിശുദ്ധജനമായും കരുതിപ്പോന്നു. എന്നാൽ ഈ വിശുദ്ധജനത്തിന്റെ നേതാക്കന്മാർ യോഹന്നാന്റെ അടുത്തു വന്നപ്പോൾ, "സ്വാഗതം, നിങ്ങൾ എന്റെ ശുശ്രൂഷയിലേക്കു വന്നതിൽ എത്ര നന്നായി പ്രവർത്തിച്ചിരിക്കുന്നു. എന്നെ സന്ദർശിക്കുവാൻ യിസ്രായേൽമക്കളുടെ നേതാക്കന്മാരായ നിങ്ങൾ വന്നത് എനിക്കെത്ര അഭിമാനകരമാകുന്നു" എന്ന് അവൻ പറഞ്ഞില്ല. ഇന്നത്തെ ക്രിസ്തുമതത്തിലെ പാസ്റ്റർമാരെപ്പോലെ യോഹന്നാൻ സംസാരിച്ചില്ല. അവരുടെ സന്ദർശനത്തിനായി അവൻ പരീശന്മാർക്കും സദൂക്യർക്കും നന്ദി പറയുകയോ, അവരെ നേതാക്കന്മാരായി അഭിസംബോധന ചെയ്യുകയോ ചെയ്തില്ല; പകരം അവരെ സർപ്പസന്തതികളെന്നു വിളിച്ചു. അബ്രാഹാമിന്റെ പിൻതലമുറക്കാരായ, വിളിക്കപ്പെട്ടവരായ യിസ്രായേൽമക്കൾക്ക് ഇത്രമാത്രം ദുഷ്ടരായിത്തീരുവാൻ കഴിയുമായിരുന്നുവെന്ന് നിങ്ങൾക്ക് വിശ്വസിക്കുവാൻ കഴിയുന്നുണ്ടോ?

അവരുടെ പിതാവായി അബ്രാഹാം അവർക്കുണ്ടെന്നു പറയുവാൻ ഭാവിക്കരുതെന്നും യോഹന്നാൻ അവരോടു പറഞ്ഞു, കാരണം കല്ലുകളിൽനിന്ന് മക്കളെ എഴുന്നേല്പിക്കുവാൻ ദൈവത്തിനു കഴിയുമായിരുന്നു. യോഹന്നാൻ ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "യാതൊന്നും ഭാവിക്കരുത്. അബ്രാഹാം നിങ്ങൾക്കു പിതാവായുള്ള യിസ്രായേൽമക്കളാണ് നിങ്ങളെന്നു ഭാവിക്കരുത്. ഈ കല്ലുകളിൽനിന്നു മക്കളെ എഴുന്നേല്പിക്കുവാൻ ദൈവം പ്രാപ്തനാണ്." യോഹന്നാന്റെ വാക്ക് യുഗത്തിന് മാറ്റം വന്നിരിക്കുന്നു എന്ന വസ്തുതയുടെ ശക്തമായ ഒരു സൂചനയും വാസ്തവത്തിൽ ഒരു പ്രവചനവും ആയിരുന്നു. യുഗം മാറിയതുകൊണ്ട്, ഇനിമേൽ അത് സ്വാഭാവിക ജനനത്തിന്റെ ഒരു വിഷയമല്ല, പിന്നെയോ ആത്മികജനനമെന്ന രണ്ടാമത്തെ ജനനത്തിന്റെ വിഷയമാണ്. നിങ്ങൾ ജീവനില്ലാത്ത ഒരു കല്ലായി ജനിച്ചിരിക്കാമെങ്കിലും ദൈവത്തിന് നിങ്ങളെ അവന്റെ ജീവനുള്ള പൈതലാക്കുവാൻ കഴിയും. ഹല്ലേലൂയ്യാ, ഇതു തന്നെയാണ് അവൻ നമുക്കു ചെയ്തിരിക്കുന്നത്! നാം രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള നമ്മുടെ അവസ്ഥയെ നാം ഓർക്കേണ്ടത് ആവശ്യമാണ്. ജീവനെ സംബന്ധിച്ചിടത്തോളം, നാം ജീവനില്ലാത്ത കല്ലുകളായിരുന്നു. എന്നാൽ പാപത്തെ സംബന്ധിച്ചിടത്തോളം നാം പാപത്താൽ നിറഞ്ഞവരും പാപത്തിൽ സജീവരും ആയിരുന്നു. നമ്മുടെ മാനസാന്തരദിവസം കർത്താവായ യേശുവിൽ നാം വിശ്വസിക്കുകയും, ദൈവം നമ്മെ അവന്റെ ജീവനുള്ള മക്കളാക്കുകയും ചെയ്തതിനായി കർത്താവിനെ സ്തുതിക്കുന്നു.

ഈ സർപ്പസന്തതികളായ, തന്റെ തിരഞ്ഞെടുക്കപ്പെട്ട പഴയ ജനത്തെ ഉപേക്ഷിക്കുവാനും മറ്റൊരു ജനത്തെ പിൻപറ്റുവാനും ദൈവം ഒരുങ്ങിയിരുന്നുവെന്ന് യോഹന്നാന്റെ ഇവിടെയുള്ള വാക്കിലൂടെ നാം കാണുന്നു. യിസ്രായേൽമക്കളെ ഉപേക്ഷിക്കുവാനും, മുഖ്യമായും ജാതികളായിരുന്ന കല്ലുകളിലേക്കു തിരിയുവാനും അവൻ ഒരുങ്ങിയിരുന്നു. ജാതികൾ ജീവനില്ലാത്ത കല്ലുകളായിരുന്നെങ്കിലും അവർ ജീവനുള്ള ദൈവമക്കളായിത്തീരുന്നത് അവരുടെ ദൈവകല്പിതമായിരുന്നു. ജീവനില്ലാത്ത ഏതു കല്ലിനെയും ഒരു ദൈവപൈതലാക്കുവാൻ ദൈവം വാസ്തവമായി പ്രാപ്തനാണെന്ന് ഇത് തെളിയിക്കുന്നു.

വാക്യം 10-ൽ പരീശന്മാരോടും സദൂക്യരോടും യോഹന്നാൻ പറഞ്ഞു, "ഇപ്പോൾത്തന്നെ വൃക്ഷങ്ങളുടെ വേരിന് കോടാലി വച്ചിരിക്കുന്നു; അതിനാൽ നല്ലഫലം പുറപ്പെടുവിക്കാത്ത സകല വൃക്ഷവും വെട്ടി തീയിലേക്ക് എറിഞ്ഞുകളയുന്നു." യോഹന്നാൻ ഇങ്ങനെ പറയുന്നതായി തോന്നുന്നു, "സർപ്പസന്തതികളേ, കോടാലി ഇപ്പോൾത്തന്നെ വൃക്ഷത്തിന്റെ വേരിലുണ്ട്. നിങ്ങൾ നല്ല ഫലം കായ്ക്കുന്ന നല്ല വൃക്ഷമാണെങ്കിൽ നിങ്ങൾക്കു നന്നായിരിക്കും.

അല്ലെങ്കിൽ, നിങ്ങളെ വെട്ടിക്കളയുകയും തീയിലേക്ക് എറിഞ്ഞു കളയുകയും ചെയ്യും." നാം കാണാൻപോകുന്നതുപോലെ, ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന തീ തീപ്പൊയ്കയിലെ തീയാണ്.

### *3. സ്നാനപ്പെടുത്തുന്ന ക്രിസ്തു*

വാക്യം 11 പറയുന്നു, "ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനപ്പെടുത്തുന്നു; എന്നാൽ എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തനാകുന്നു; അവന്റെ ചെരുപ്പു ചുമക്കുവാൻ ഞാൻ യോഗ്യനല്ല. അവൻതന്നെ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനപ്പെടുത്തും." ഈ വാക്യത്തിൽ യോഹന്നാൻ ഇങ്ങനെ പറയുന്നതായി തോന്നുന്നു, "ഞാൻ നിങ്ങളെ വെള്ളത്തിൽ സ്നാനപ്പെടുത്തുവാൻ, നിങ്ങളെ അവസാനിപ്പിക്കുവാൻ, നിങ്ങളെ അടക്കംചെയ്യുവാൻ വന്നിരിക്കുന്നു. എന്നാൽ എനിക്കു ശേഷം വരുന്നവൻ എന്നെക്കാൾ ശക്തനാണ്. അവൻ നിങ്ങളെ ആത്മാവിലും തീയിലും സ്നാനപ്പെടുത്തും. അവൻ നിങ്ങളെ ആത്മാവിലാണോ തീയിലാണോ സ്നാനപ്പെടുത്തുന്നത് എന്നത് നിങ്ങൾ മാനസാന്തരപ്പെടുന്നുവോ ഇല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ മാനസാന്തരപ്പെടുന്നുവെങ്കിൽ അവൻ നിങ്ങളെ ആത്മാവിലേക്കു വയ്ക്കും. എന്നാൽ നിങ്ങൾ സർപ്പസന്തതികളായി തുടരുന്നുവെങ്കിൽ അവൻ നിശ്ചയമായും നിങ്ങളെ തീപ്പൊയ്കയിൽ സ്നാനപ്പെടുത്തും. ഇതിന്റെ അർഥം അവൻ നിങ്ങളെ നരകത്തീയിലേക്ക് ഇടും എന്നാണ്."

സന്ദർഭമനുസരിച്ച് ഇവിടെയുള്ള തീ പ്രവൃത്തികൾ 2:3-ലെ പരിശുദ്ധാത്മാവിനോടു ബന്ധപ്പെട്ട തീയല്ല, പിന്നെയോ 10-ഉം 12-ഉം വാക്യങ്ങളിലുള്ള അതേ തീ, അവിശ്വാസികൾ നിത്യദണ്ഡനം അനുഭവിക്കുന്നിടമായ തീപ്പൊയ്കയിലെ തീ (വെളി. 20:15) ആണ്. പരീശന്മാരോടും സദൂക്യരോടുമുള്ള യോഹന്നാന്റെ ഇവിടത്തെ വാക്ക് അർഥമാക്കുന്നത് പരീശന്മാരും സദൂക്യരും വാസ്തവമായി മാനസാന്തരപ്പെടുകയും കർത്താവിൽ വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ, അവർക്ക് നിത്യജീവൻ ഉണ്ടായിരിക്കേണ്ടതിന് കർത്താവ് അവരെ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തും എന്നാണ്; അല്ലെങ്കിൽ, നിത്യശിക്ഷയ്ക്കായി അവരെ തീപ്പൊയ്കയിൽ ഇട്ടുകൊണ്ട് കർത്താവ് അവരെ തീയിൽ സ്നാനപ്പെടുത്തും. യോഹന്നാന്റെ സ്നാനം മാനസാന്തരത്തിനുവേണ്ടി, ജനത്തെ കർത്താവിലുള്ള വിശ്വാസത്തിലേക്ക് ആനയിക്കുന്നതിനുവേണ്ടി മാത്രമായിരുന്നു. കർത്താവിന്റെ സ്നാനം ഒന്നുകിൽ പരിശുദ്ധാത്മാവിൽ നിത്യജീവനുവേണ്ടി, അല്ലെങ്കിൽ തീയിൽ നിത്യശിക്ഷയ്ക്കു വേണ്ടിയാണ്. കർത്താവിന്റെ പരിശുദ്ധാത്മാവിലുള്ള സ്നാനം തന്റെ വിശ്വാസികളെ സ്വർഗരാജ്യത്തിലേക്ക് കൊണ്ടുവന്ന് സ്വർഗരാജ്യത്തിനു തുടക്കം കുറിച്ചു; എന്നാൽ

തീയിലുള്ള അവന്റെ സ്നാനം അവിശ്വാസികളെ തീപ്പൊയ്കയിലേക്ക് ഇട്ടുകൊണ്ട് സ്വർഗരാജ്യത്തെ അവസാനിപ്പിക്കും. തന്മൂലം, തന്റെ വീണ്ടെടുപ്പിനെ അടിസ്ഥാനമാക്കിയുള്ള കർത്താവിന്റെ പരിശുദ്ധാത്മാവിലുള്ള സ്നാനം സ്വർഗരാജ്യത്തിന്റെ ആരംഭവും, തന്റെ ന്യായവിധിയെ അടിസ്ഥാനമാക്കിയുള്ള അവന്റെ തീയിലുള്ള സ്നാനം അതിന്റെ അവസാനവും ആണ്. അങ്ങനെ, ഈ വാക്യത്തിൽ മൂന്നു തരത്തിലുള്ള സ്നാനങ്ങൾ ഉണ്ട്: വെള്ളത്തിലുള്ള സ്നാനവും, പരിശുദ്ധാത്മാവിലുള്ള സ്നാനവും, തീയിലുള്ള സ്നാനവും. യോഹന്നാനാലുള്ള വെള്ളത്തിലുള്ള സ്നാനം ജനത്തിനു സ്വർഗരാജ്യത്തെ അവതരിപ്പിച്ചു. കർത്താവിനാലുള്ള പരിശുദ്ധാത്മാവിലുള്ള സ്നാനം പെന്തക്കോസ്തു നാളിൽ സ്വർഗരാജ്യത്തെ ആരംഭിക്കുകയും സ്ഥാപിക്കുകയും ചെയ്തു; അത് ഈ യുഗത്തിന്റെ അന്ത്യത്തിലുള്ള അതിന്റെ പരിണതിവരെ തുടർന്നുകൊണ്ടിരിക്കും. വലിയ വെള്ളസിംഹാസനത്തിങ്കലെ ന്യായവിധിക്കനുസൃതമായ (വെളി. 20:11-15), കർത്താവിനാലുള്ള തീയിലുള്ള സ്നാനം സ്വർഗരാജ്യത്തെ അവസാനിപ്പിക്കും.

വാക്യം 11-ലെ തീ പെന്തക്കോസ്തു നാളിലെ അന്യഭാഷകളെയാണ് പരാമർശിക്കുന്നതെന്നു ചിന്തിച്ചുകൊണ്ട് ചില ക്രിസ്ത്യാനികൾ പറയുന്നത് കർത്താവ് വിശ്വാസികളെ പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനപ്പെടുത്തും എന്നാണ്. എന്നാൽ വാക്യം 11-ന്റെ സന്ദർഭം നാം ശ്രദ്ധിക്കണം. 10-ഉം 11-ഉം 12-ഉം വാക്യങ്ങളിൽ തീ എന്ന പദം ഉണ്ടെന്നത് ശ്രദ്ധിക്കുക. വാക്യം 10-ൽ നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങളെ വെട്ടി തീയിലേക്ക് എറിയുന്നു. നിശ്ചയമായും ഈ തീ തീപ്പൊയ്കയാണ്. വാക്യം 11-ലെ തീയും തീപ്പൊയ്കയെ ആയിരിക്കണം സൂചിപ്പിക്കുന്നത്, കാരണം മുമ്പിലുള്ള വാക്യത്തിൽ സംസാരിച്ച തീയുടെ അധികമായ ഒരു വിശദീകരണമാണിത്. വാക്യം 12 അനുസരിച്ച് കെടുത്താൻ കഴിയാത്ത തീയിൽ കർത്താവ് പതിർ ചുട്ടുകളയും. കർത്താവിന്റെ കളപ്പുരയിലേക്ക് ശേഖരിക്കപ്പെട്ട ഗോതമ്പ് ആത്മാവിലേക്ക് വയ്ക്കപ്പെട്ടവരാണ്. എന്നാൽ പതിർ തീയിൽ ചുട്ടുകളയുന്നു. തീർച്ചയായും ഈ തീയും തീപ്പൊയ്കയാണ്. അതുകൊണ്ട്, 10 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ പറയപ്പെടുന്ന തീ എല്ലാവിധത്തിലും അതേ തീ, തീപ്പൊയ്കയിലെ തീ ആണ്. "പരീശന്മാരും സദൂക്യരുമായ നിങ്ങൾക്ക് എന്നെ വഞ്ചിക്കുവാൻ കഴിയുമായിരിക്കാം, എന്നാൽ അവനെ നിങ്ങൾക്ക് വഞ്ചിക്കുവാൻ കഴിയുകയില്ല. നിങ്ങൾ വാസ്തവമായും മാനസാന്തരപ്പെടുന്നുവെങ്കിൽ അവൻ നിങ്ങളെ ആത്മാവിലേക്കു വയ്ക്കും. എന്നാൽ നിങ്ങളുടെ ദുഷ്ടതയിൽ നിങ്ങൾ തുടരുന്നുവെങ്കിൽ, അവൻ നിങ്ങളെ തീയിലേക്ക് ഇടും" എന്ന് യോഹന്നാൻ യെഹൂദ നേതാക്കന്മാരോട് പറയുന്നതായി തോന്നുന്നു. ഇതാണ് ഈ വാക്യങ്ങളുടെ ശരിയായ ഗ്രാഹ്യം.

വാക്യം 12 പറയുന്നു, "അവന്റെ വീശുമുറം അവന്റെ കൈയിൽ ഉണ്ട്. അവൻ തന്റെ മെതിക്കളത്തെ തീർത്തും വെടിപ്പാക്കുകയും തന്റെ ഗോതമ്പ് കളപ്പുരയിൽ ശേഖരിക്കുകയും ചെയ്യും, എന്നാൽ പതിർ കെടുത്താനാവാത്ത തീയിൽ ചുട്ടുകളയും." ഗോതമ്പിനാൽ മുൻകുറിക്കപ്പെടുന്നവർക്ക് ഉള്ളിൽ ജീവനുണ്ട്. കർത്താവ് അവരെ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുകയും ഉൽപ്രാപണത്താൽ സ്വർഗത്തിലെ തന്റെ കളപ്പുരയിലേക്ക് അവരെ ശേഖരിക്കുകയും ചെയ്യും. പതിരിനാൽ മുൻകുറിക്കപ്പെടുന്നവർ 13:24-30-ലെ കളകളെപ്പോലെ ജീവനില്ലാത്തവരാണ്. കർത്താവ് അവരെ തീപ്പൊയ്കയിലേക്ക് ഇട്ടുകൊണ്ട് തീയിൽ സ്നാനപ്പെടുത്തും. ഇവിടെ പതിർ പരാമർശിക്കുന്നത് മാനസാന്തരപ്പെടാത്ത യെഹൂദന്മാരെയാണ്; എന്നാൽ പതിമൂന്നാം അധ്യായത്തിലെ കള നാമധേയ ക്രിസ്ത്യാനികളെ പരാമർശിക്കുന്നു. രണ്ടു കൂട്ടരുടെയും നിത്യമായ ദൈവകല്പിതം ഒന്നായിരിക്കും— തീപ്പൊയ്കയിലെ നാശം (13:40-42).

രാജാവായ യേശു രണ്ടു തരത്തിലുള്ള സ്നാനം ഉപയോഗിക്കുന്നു: ആത്മാവിലുള്ള സ്നാനവും തീയിലുള്ള സ്നാനവും. ആത്മാവിലുള്ള സ്നാനം സ്വർഗരാജ്യത്തിന് ആരംഭം കുറിച്ചു; തീയിലുള്ള സ്നാനം അതിനെ അവസാനിപ്പിക്കും. സ്വർഗരാജ്യത്തിന്റെ ആരംഭം പെന്തക്കോസ്തു നാളിലായിരുന്നു. ആ ദിവസം രാജാവായ യേശു വിശ്വാസികളെ പരിശുദ്ധാത്മാവിലേക്ക് സ്നാനപ്പെടുത്തി. ആത്മാവിലുള്ള ആ സ്നാനത്താൽ സ്വർഗരാജ്യം ആരംഭിച്ചു. സ്വർഗരാജ്യം വലിയ വെള്ള സിംഹാസനത്തിങ്കലുള്ള ന്യായവിധിയോടുകൂടെ അവസാനിക്കും. ആ സമയത്ത് അവിശ്വാസികൾ ന്യായംവിധിക്കപ്പെടുകയും തീപ്പൊയ്കയിലേക്ക് എറിയപ്പെടുകയും ചെയ്യും. അതായിരിക്കും തീയിലുള്ള സ്നാനം. ഈ തീയാലുള്ള സ്നാനം സ്വർഗരാജ്യത്തെ അവസാനിപ്പിക്കും.

യോഹന്നാനാൽ അനുഷ്ഠിക്കപ്പെട്ട വെള്ളത്തിലുള്ള സ്നാനം സ്വർഗരാജ്യത്തിനുള്ള പ്രാഥമികം ആയിരുന്നു. അത് സ്വർഗ രാജ്യത്തിന്റെ വരവിനു വേണ്ടിയുള്ള ഒരു ഒരുക്കമായിരുന്നു. പല നാമധേയ ക്രിസ്ത്യാനികളും വെള്ളത്തിൽ സ്നാനപ്പെട്ടിട്ടുണ്ട്. എന്നാൽ അവർ ആത്മാവിലുള്ള സ്നാനത്തിൽ പങ്കുകൊള്ളുമോ, അതോ തീയിലുള്ള സ്നാനത്തിൽ കഷ്ടം സഹിക്കുമോ എന്നത് അവർ മാനസാന്തരപ്പെടുമോ ഇല്ലയോ എന്നതിനെ ആശ്രയിച്ചി രിക്കുന്നു. അവർ സത്യമായും മാനസാന്തരപ്പെടുന്നുവെങ്കിൽ, കർത്താവായ യേശു അവരെ ആത്മാവിലേക്കു വയ്ക്കും. അല്ലെങ്കിൽ, വലിയ വെള്ളസിംഹാസനത്തിലെ ന്യായാധിപതിയെന്ന നിലയിൽ കർത്താവായ യേശു അവരെ തീപ്പൊയ്കയിലേക്ക് എറിഞ്ഞുകളയും. അതുകൊണ്ട്, വേദപുസ്തകത്തിൽ മൂന്നു തരത്തിലുള്ള സ്നാനങ്ങളുണ്ട്: ജലസ്നാനവും, ആത്മസ്നാനവും, തീയാലുള്ള

സ്നാനവും. യോഹന്നാന്റെ ജലസ്നാനം രാജ്യം വരുന്നതിനുള്ള ഒരു ഒരുക്കവും, ആത്മസ്നാനം രാജ്യത്തിന്റെ ആരംഭവും ആയിരുന്നു, തീയാലുള്ള സ്നാനം രാജ്യത്തിന്റെ അവസാനിപ്പിക്കലായിരിക്കും. നാം സർപ്പസന്തതികളായി തുടരരുത്. നാം മൂന്നാം അധ്യായത്തിലെ പതിരോ, പതിമൂന്നാം അധ്യായത്തിലെ കളയോ ആയിരിക്കുകയും അരുത്. മറിച്ച്, നാം ഗോതമ്പ്, ദൈവത്തിന്റെ ജീവനുള്ള മക്കൾ ആയിത്തീരണം. ദൈവത്തിന്റെ മക്കളായിത്തീരുന്നതിനായി നിങ്ങൾ വെള്ളത്തിലൂടെ ആത്മാവിലേക്ക് സ്നാനപ്പെടണം. നിങ്ങൾ വെള്ളത്താലും ആത്മാവിനാലും സ്നാനപ്പെടണമെന്ന് യോഹന്നാൻ 3:5 പറയുന്നു. ഒന്നാമത് നാം വെള്ളത്തിലൂടെ സ്നാനപ്പെട്ടു; പിന്നീട് നാം ആത്മാവിൽ സ്നാനപ്പെട്ടു. ഈ രീതിയിൽ നാം വീണ്ടുംജനിച്ചു. അതുകൊണ്ട്, നമുക്ക് രണ്ടു തരത്തിലുള്ള അനുലോമ സ്നാനങ്ങളുണ്ട്—വെള്ളത്തിലുള്ള സ്നാനവും ആത്മാവിലുള്ള സ്നാനവും. എന്നാൽ നമുക്ക് തീയിലുള്ള സ്നാനവുമായി യാതൊരു കാര്യവുമില്ല.

## D. ശുപാർശയുടെ രീതി

ശുപാർശക്കാരനെയും ശുപാർശാ ദൂതിനെയുംകുറിച്ച് നാം ചിന്തിച്ചു. ഇനി നാം ശുപാർശയുടെ രീതിയെ ചിന്തിക്കണം.

### *1. വെള്ളത്തിൽ ജനത്തെ സ്നാനപ്പെടുത്തുന്നത്*

യോഹന്നാന്റെ ശുപാർശാ രീതിയുടെ ഒന്നാമത്തെ വശം ജനത്തെ വെള്ളത്തിൽ സ്നാനപ്പെടുത്തുന്നതാണ്. പാപങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് അനേകർ യോർദ്ദാൻനദിയിൽ അവനാൽ സ്നാനപ്പെട്ടുവെന്ന് 5-ഉം 6-ഉം വാക്യങ്ങൾ വെളിപ്പെടുത്തുന്നു. ജനത്തെ സ്നാനപ്പെടുത്തുന്നത് അവരെ മുക്കുന്നതാണ്, മരണത്തെ സൂചിപ്പിക്കുന്ന വെള്ളത്തിൽ അവരെ അടക്കംചെയ്യുന്നതാണ്. സ്നാനപ്പെടുന്ന ഏവനും അടക്കത്തിനല്ലാതെ മറ്റൊന്നിനും കൊള്ളാവുന്നവനല്ല എന്നു സൂചിപ്പിക്കുന്നതിന് യോഹന്നാൻ സ്നാപകൻ ഇതു ചെയ്തു. ജീവൻ-നൽകുന്നവനെന്ന നിലയിൽ ക്രിസ്തുവിനാൽ കൊണ്ടുവരപ്പെടേണ്ട ഒരു പുതിയ ആരംഭം പുനരുത്ഥാനത്തിൽ സാക്ഷാൽക്കരിക്കപ്പെടേണ്ടതിന്, പഴയ വ്യക്തിയെ അവസാനിപ്പിക്കുന്നതിനെയും ഇത് സൂചിപ്പിക്കുന്നു. അതുകൊണ്ട്, യോഹന്നാന്റെ ശുശ്രൂഷയെത്തുടർന്ന് ക്രിസ്തു വന്നു. യോഹന്നാന്റെ സ്നാനം മാനസാന്തരപ്പെട്ടവരെ അവസാനിപ്പിച്ചുവെന്നു മാത്രമല്ല, ജീവനുവേണ്ടി അവരെ ക്രിസ്തുവിലേക്ക് ആനയിക്കുകയും ചെയ്തു. വേദപുസ്തകത്തിൽ സ്നാനം മരണത്തെയും പുനരുത്ഥാനത്തെയും സൂചിപ്പിക്കുന്നു. വെള്ളത്തിലേക്ക് സ്നാനപ്പെടുന്നത് മരണത്തിലേക്കും അടക്കത്തിലേക്കും വയ്ക്കുന്നതാണ്. വെള്ളത്തിൽനിന്നും ഉയർത്തപ്പെടുകയെന്നാൽ മരണത്തിൽനിന്നും ഉയിർപ്പിക്കപ്പെടുന്നതാണ്.

യോർദ്ദാൻനദിയിലായിരുന്നു പന്ത്രണ്ട് യിസ്രായേൽഗോത്രങ്ങളെ പ്രതിനിധീകരിക്കുന്ന പന്ത്രണ്ടു കല്ലുകൾ കുഴിച്ചിടപ്പെട്ടതും, അതിൽനിന്നായിരുന്നു പന്ത്രണ്ട് യിസ്രായേൽഗോത്രങ്ങളെ പ്രതിനിധീകരിക്കുന്ന വേറെ പന്ത്രണ്ടു കല്ലുകൾ ഉയിർപ്പിക്കപ്പെടുകയും മുകളിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യുത് (യോശു. 4:1-18). അതിനാൽ യോർദ്ദാൻനദിയിൽ ജനത്തെ സ്നാനപ്പെടുത്തുന്നത് അവരുടെ പഴയ ആളത്തത്തിന്റെ അടക്കത്തെയും പുതിയതിന്റെ പുനരുത്ഥാനത്തെയും സൂചിപ്പിച്ചു. യോർദ്ദാൻനദി കടക്കുന്നത് യിസ്രായേൽമക്കളെ നല്ലദേശത്തിലേക്ക് ആനയിച്ചതുപോലെ, സ്നാനപ്പെടുന്നത് ജനത്തെ നല്ലദേശത്തിന്റെ യാഥാർഥ്യമായ ക്രിസ്തുവിലേക്ക് കൊണ്ടുവരുന്നു.

യോഹന്നാൻ സ്നാപകന്റെ സാന്നിധ്യത്തിൽ ആരെങ്കിലും മാനസാന്തരപ്പെടുമ്പോഴെല്ലാം യോഹന്നാൻ അവനെ വെള്ളത്തിലേക്കു വയ്ക്കുന്നു. പുതിയനിയമമനുസരിച്ച് ഒരുവനെ വെള്ളത്തിൽ മുക്കുകയെന്നാൽ ഒന്നാമത് അർഥമാക്കിയത് അവനെ അടക്കുന്നതും, രണ്ടാമത് അത് അർഥമാക്കിയത് അവനെ ഉയിർപ്പിക്കുന്നതുമാണ്. അങ്ങനെ, പ്രതിലോമവശത്ത് സ്നാനം മരണത്തെയും അടക്കത്തെയും സൂചിപ്പിക്കുന്നു; അനുലോമവശത്ത് അത് പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു. ചത്ത കല്ലുകളിൽനിന്നും ജീവനുള്ള മക്കളെ ദൈവം എഴുന്നേല്പിക്കുമെന്ന് തന്റെ ശുപാർശാ ദൂതിൽ യോഹന്നാൻ സൂചിപ്പിച്ചിരുന്നു. മാനസാന്തരപ്പെടുന്നവരെ സ്നാനപ്പെടുത്തുന്നതിലൂടെ അവരെയും അവരുടെ കഴിഞ്ഞ കാലത്തെയും അവസാനിപ്പിക്കുകയും അടക്കുകയും ചെയ്യണമെന്ന് യോഹന്നാൻ സൂചിപ്പിച്ചു. എങ്കിലും, അടക്കം എപ്പോഴും പുനരുത്ഥാനത്തെ കൊണ്ടുവരുന്നതുകൊണ്ട് അടക്കം അവസാനമായിരുന്നില്ല. അങ്ങനെ, ഒരുവശത്ത് അടക്കം അവസാനിപ്പിക്കലാണ്, മറുവശത്ത് അത് മുളപ്പിക്കലുമാണ്. സ്നാനത്തിൽ യോഹന്നാനാൽ അവസാനിപ്പിക്കപ്പെട്ടവർ അവനിലല്ല, അവനുശേഷം വരുവാനിരുന്നവനിൽ ഉയിർപ്പിക്കപ്പെടണമായിരുന്നു. യോഹന്നാന്റെ സ്നാനം മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുവാൻ ഒരുവൻ വരുന്നു എന്നതിന്റെ ഒരു സൂചനയായിരുന്നു.

സ്നാനം അർഥമാക്കുന്നത് നമ്മുടെ സ്വാഭാവിക ആളത്തവും നമ്മുടെ കഴിഞ്ഞ കാലവും അവസാനിപ്പിക്കപ്പെടണം എന്നാണ്. നമ്മുടെ ആളത്തവും നമ്മുടെ കഴിഞ്ഞ കാലവും അടക്കത്തിനു മാത്രമേ കൊള്ളാവൂ. അതുകൊണ്ട്, നിർവ്യാജ പുരോഹിതനായ യോഹന്നാൻ മറ്റുള്ളവരെ ദൈവത്തിലേക്കു കൊണ്ടുവരുകയും അവരെ രാജാവിന് പരിചയപ്പെടുത്തുകയും ചെയ്യുമ്പോൾ, അവനാൽ അടക്കപ്പെട്ടവർ പുനരുത്ഥാനം ചെയ്യുവനാൽ ഉയിർപ്പിക്കപ്പെടുമെന്ന് സൂചിപ്പിച്ചുകൊണ്ട് മാനസാന്തരത്തിൽ അവന്റെ

അടുക്കലേക്കു വന്ന എല്ലാവരെയും അവൻ അവസാനിപ്പിക്കുകയും അടക്കുകയും ചെയ്തു. ഇത് ശുപാർശയുടെ രീതിയാണ്, അവരെ ഉയിർപ്പിക്കുന്നവനായ രാജാവിന്റെ അടുക്കലേക്ക് മാനസാന്തരപ്പെടുന്നവരെ കൊണ്ടുവരുന്ന യഥാർഥ രീതിയാണ്.

പുതിയനിയമത്തിൽ രണ്ടു ശുശ്രൂഷകളുണ്ട്: യോഹന്നാന്റെ ശുശ്രൂഷയും കർത്താവായ യേശുവിന്റെ ശുശ്രൂഷയും. യോഹന്നാന്റെ ശുശ്രൂഷ മറ്റുള്ളവരെ അവസാനിപ്പിക്കുകയും അടക്കുകയും ചെയ്തുകൊണ്ട് അവരെ ദൈവത്തിലേക്കു കൊണ്ടുവരുന്നതാണ്. ഇങ്ങനെ അവസാനിപ്പിക്കപ്പെടുകയും അടക്കപ്പെടുകയും ചെയ്തവർക്ക് ക്രിസ്തുവിനു മാത്രം നൽകുവാൻ കഴിയുന്ന പുനരുത്ഥാനം ആവശ്യമാണ്. അങ്ങനെ, മരിച്ച് അടക്കപ്പെട്ടവർക്ക് ജീവൻ ശുശ്രൂഷിക്കേണ്ടതിന് യോഹന്നാനുശേഷം ക്രിസ്തു വന്നു. ഇക്കാരണത്താലാണ് നാം വീണ്ടും ജനിക്കേണ്ടത്, വെള്ളത്തിലും ആത്മാവിലും സ്നാനപ്പെടേണ്ടത്. വെള്ളത്തിൽ സ്നാനപ്പെടുന്നത് നമ്മുടെ സ്വാഭാവിക ജീവനും നമ്മുടെ കഴിഞ്ഞകാലവും അവസാനിപ്പിക്കപ്പെടുന്നതാണ്. ആത്മാവിൽ സ്നാനപ്പെടുന്നത് ദിവ്യജീവനാൽ മുളപ്പിക്കപ്പെടുന്നതിലൂടെ ഒരു പുതിയ തുടക്കം ഉണ്ടായിരിക്കുന്നതാണ്. ഈ മുളപ്പിക്കൽ ജീവൻ-നൽകുന്ന ആത്മാവെന്ന നിലയിൽ ക്രിസ്തുവിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂ.

ദൈവത്തിങ്കലേക്കു കൊണ്ടുവരപ്പെടുന്ന ഏവനും ദൈവസന്നിധിയിൽ അവസാനിപ്പിക്കപ്പെടണം. ഒരു അർഥത്തിൽ ദൈവസന്നിധിയിലേക്ക് കൊണ്ടുവരപ്പെടുന്നത് മനോഹരമാണ്. എന്നാൽ മറ്റൊരു അർഥത്തിൽ നിങ്ങൾ അവസാനിപ്പിക്കപ്പെടണം എന്നാണ് അത് അർഥമാക്കുന്നത്. നിങ്ങൾ അവസാനിപ്പിക്കപ്പെട്ടില്ലെങ്കിൽ, നിങ്ങൾ കൊല്ലപ്പെടും. തന്മൂലം, ദൈവസന്നിധിയിലേക്ക് കൊണ്ടുവരപ്പെടുന്നത് മനോഹരവും ഗൗരവുള്ളതുമാണ്, കാരണം ഇത് അർഥമാക്കുന്നത് ഒന്നുകിൽ നാം അവസാനിപ്പിക്കപ്പെടണം അല്ലെങ്കിൽ നാം കൊല്ലപ്പെടണം എന്നാണ്. അഹരോന്റെ രണ്ടു പുത്രന്മാരായ നാദാബും അബീഹൂവും ദൈവസന്നിധിയിലേക്കു വന്നുവെങ്കിലും അവർ തീയാൽ കൊല്ലപ്പെട്ടു (ലേവ്യ. 10:1-2). ദൈവസന്നിധിയിൽ അവസാനിപ്പിക്കപ്പെടുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, അത് അർഥമാക്കുന്നത് മുളപ്പിക്കപ്പെടുവാൻ, ഉയിർപ്പിക്കപ്പെടുവാൻ, ഒരു പുതിയ തുടക്കം ഉണ്ടായിരിക്കുവാൻ നാം ഒരുക്കമുള്ളവരാകുന്നു എന്നാണ്. ഈ അവസാനിപ്പിക്കലാണ് ശുപർശയുടെ ശരിയായ രീതി. ഇതാണ് പുനരുത്ഥാനത്തിൽ നമുക്ക് ഒരു പുതിയ തുടക്കം നൽകുവാൻ രാജാവ് നമ്മുടെ അടുക്കൽ കൊണ്ടുവരപ്പെടേണ്ടതിന് നമ്മെ രാജാവിന്റെ സന്നിധിയിലേക്ക് കൊണ്ടുവരാനുള്ള ഒരുക്കത്തിന്റെ രീതി. മത്തായി മൂന്നാം അധ്യായത്തിൽ നമുക്ക് ശക്തമായ

ഒരു അവസാനിപ്പിക്കലും പ്രബലമായ ഒരു മുളപ്പിക്കലും ഉണ്ട്. ഈ അവസാനിപ്പിക്കലിലൂടെയും മുളപ്പിക്കലിലൂടെയും രാജാവ് ഒരു ജനത്തെ നേടുകയും, ജനം രാജാവിനെ സ്വീകരിക്കുകയും ചെയ്യുന്നു.

## *2. ക്രിസ്തുവിനെ സ്വീകരിക്കുവാൻ ജനത്തെ ഒരുക്കുന്നു*

വാക്യം 3 പറയുന്നു, "മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം, കർത്താവിന്റെ വഴി ഒരുക്കുവിൻ, അവന്റെ പാതകൾ നേരെയാക്കുവിൻ എന്ന് യെശയ്യാ പ്രവാചകനിലൂടെ പറഞ്ഞത് ഇവനെക്കുറിച്ച് ആകുന്നു." കർത്താവിന്റെ വഴി ഒരുക്കിയവനും അവന്റെ പാതകൾ നേരെയാക്കിയവനും യോഹന്നാൻ സ്നാപകനായിരുന്നുവെന്ന് ഈ വാക്യം വെളിപ്പെടുത്തുന്നു. കർത്താവിന്റെ വഴി ഒരുക്കുകയും അവന്റെ പാതകൾ നേരെയാക്കുകയും ചെയ്യുകയെന്നാൽ സ്വർഗരാജ്യത്തിനു വേണ്ടി മാനസാന്തരത്തിലൂടെ അവരുടെ ഹൃദയത്തിന്റെ ഓരോ ഭാഗവും പന്ഥാവും കർത്താവു നേരെയാക്കേണ്ടതിന് ജനത്തിന്റെ മനസ്സിനെ മാറ്റുകയും, അവരുടെ മനസ്സിനെ കർത്താവിലേക്കു തിരിക്കുകയും, അവരുടെ ഹൃദയത്തെ നേരുള്ളതാക്കുകയും ചെയ്യുക എന്നാണ് (ലൂക്കൊ. 1:16-17). യോഹന്നാൻ സ്നാപകൻ വഴി ഒരുക്കുകയും പാതകൾ നേരെയാക്കുകയും ചെയ്തു. വഴി പരുപരുത്തതും, കുന്നുകളും താഴ്വരകളും നിറഞ്ഞതും ആയിരുന്നെന്ന് ഇത് സൂചിപ്പിക്കുന്നു. ചില സ്ഥലങ്ങളിൽ അത് വളരെ താണതും, മറ്റു ചില സ്ഥലങ്ങളിൽ അത് വളരെ ഉയർന്നതും ആയിരുന്നു. എന്നാൽ കുന്നുകളെ നിരപ്പാക്കുകയും, വിടവുകൾ നിറയ്ക്കുകയും, വഴി മിനുസമുള്ളതും പരന്നതുമാക്കി ക്കൊണ്ട് യോഹന്നാൻ വന്ന് വഴി ഒരുക്കി. വളവുകൾകൊണ്ടു നിറഞ്ഞിരുന്ന പാതകൾ യോഹന്നാൻ നേരെയാക്കുകയും ചെയ്തു. യോഹന്നാൻ വഴി ഒരുക്കുകയും പാതകൾ നേരെയാക്കുകയും ചെയ്തു എന്ന വസ്തുത അർഥമാക്കുന്നത് അവന്റെ ശുശ്രൂഷ മനസ്സിനോടും ഹൃദയത്തോടും ഇടപെട്ടു എന്നാണ്.

നിങ്ങൾ രക്ഷിക്കപ്പെടുന്നതിനുമുമ്പുള്ള നിങ്ങളുടെ കഴിഞ്ഞകാലത്തെ പരിഗണിക്കുക. നിങ്ങളുടെ ഉള്ളിൽ ഒരു പരുപരുത്ത വഴി ഉണ്ടായിരുന്നില്ലേ? തീർച്ചയായും നിങ്ങളുടെ മനസ്സിലുള്ള വഴി നിരവധി കുന്നുകളും താഴ്വരകളുംകൊണ്ട് നിറഞ്ഞതായിരുന്നു. ഞാൻ രക്ഷിക്കപ്പെടുന്നതിനുമുമ്പ് എന്റെ മനസ്സ് ഉയർച്ചകളും താഴ്ച്ചകളുംകൊണ്ട് നിറഞ്ഞതായിരുന്നു. യാതൊന്നും പരന്നതായിരുന്നില്ല. കൂടാതെ, നിങ്ങളുടെ ചിന്തയുടെയും, വികാരത്തിന്റെയും, ഇച്ഛയുടെയും, ആഗ്രഹ ത്തിന്റെയും ഇടവഴികളിൽ അനേകം വളവുകൾ ഉണ്ടായിരുന്നു. നിങ്ങളുടെ ഭാര്യ ഒരു മാലാഖയാണെന്ന് ഒരു ദിവസം നിങ്ങൾ

പറഞ്ഞു: അവൾ ഒരു പിശാചാണെന്ന് അടുത്ത ദിവസം നിങ്ങൾ പറഞ്ഞു. ഇതു സൂചിപ്പിക്കുന്നത് നിങ്ങളുടെ വികാരം വളവുകൾകൊണ്ട് നിറഞ്ഞതായിരുന്നു എന്നാണ്. നിങ്ങൾ മാനസാന്തരപ്പെടുന്നതിനുമുമ്പ് നിങ്ങളുടെ ഉള്ളിലുള്ള എല്ലാ പാതകളും വളഞ്ഞതായിരുന്നു; യാതൊന്നും നേരെയായിരുന്നില്ല.

യോഹന്നാൻ സ്നാപകൻ വന്നപ്പോൾ, മാനസാന്തരപ്പെടുവാൻ അവൻ ജനത്തോടു കല്പിച്ചു. നിർവ്യാജമായ മാനസാന്തരം വഴി ഒരുക്കുകയും പാതകൾ നേരെയാക്കുകയും ചെയ്യുന്നു. ഞാൻ മാനസാന്തരപ്പെടുന്നതിനുമുമ്പ് എന്റെ ചിന്താഗതി പരുപരുത്തതായിരുന്നു. എന്നാൽ കർത്താവിന്റെ കരുണ മുഖാന്തരം എന്റെ മാനസാന്തരദിവസം എന്റെ മുഴുവൻ ആന്തരിക ആളത്തവും മിനുസമുള്ളതായിത്തീർന്നു. എന്റെ മാനസാന്തരത്തിന്റെ സമയം മുതൽ എന്റെ ആളത്തത്തിലെ ഓരോ പന്ഥാവും, ഇടവഴിയും, പാതയും നേരെയാക്കപ്പെട്ടു. ഇത് കർത്താവിനെ സ്വീകരിക്കുവാനും, കർത്താവിനുവേണ്ടി വഴി ഒരുക്കുവാനും, അവന്റെ പാതകൾ നേരെയാക്കുവാനും നമ്മെ ഒരുക്കുന്നതിനാണ്. മറ്റുള്ളവർ കർത്താവിനെ സ്വീകരിക്കുവാൻ ഒരുക്കുന്നതിനുള്ള മാർഗം മാനസാന്തരപ്പെടുവാൻ അവരെ സഹായിക്കുന്നതാണ്. "യിസ്രായേൽമക്കളായ നിങ്ങൾ കർത്താവിൽനിന്നും വളരെ അകലെയാണ്. നിങ്ങളുടെ മനസ്സ് ഒരു പരുപരുത്ത വഴിയും, നിങ്ങളുടെ വികാരവും, ഇച്ഛയും, ആഗ്രഹവും, ഉദ്ദേശ്യവും വളഞ്ഞ പാതകളും ആണ്. കർത്താവു കടന്നുവരത്തക്കവണ്ണം നിങ്ങൾ മാനസാന്തരപ്പെടുകയും നിങ്ങളുടെ ആളത്തത്തിനുള്ളിലെ ഓരോ പന്ഥാവിനെയും നിങ്ങൾ നേരെയാക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്" എന്ന് യോഹന്നാൻ സ്നാപകൻ പറഞ്ഞതായി തോന്നുന്നു. യോഹന്നാന്റെ വാക്കു കേട്ടപ്പോൾ അനേകർ മാനസാന്തരപ്പെടുകയും, അവരുടെ വഴി ഒരുക്കപ്പെടുകയും, അവരുടെ പാതകൾ നേരെയാകുകയും ചെയ്തു. അതുകൊണ്ട്, രാജാവിന് കടന്നുവരാൻ കഴിഞ്ഞു. ഇതാണ് ശരിയായ മാനസാന്തരം. നിർവ്യാജമായ മാനസാന്തരം രാജാവെന്ന നിലയിൽ കർത്താവിന് പ്രവേശിക്കുവാൻ വഴി ഒരുക്കുന്നു. ഒരുക്കിയ ഈ വഴിയിലും നേരെയാക്കിയ ഈ പാതകളിലും ഞാൻ തുടർച്ചയായി കർത്താവിനെ ആസ്വദിക്കുന്നുവെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. എന്റെ വഴി ഒരുക്കപ്പെട്ടിരിക്കുന്നു, കർത്താവായ യേശു എന്റെ ഉള്ളിൽ നടന്നുകൊണ്ടിരിക്കുന്നു: നേരെയാക്കപ്പെട്ട എന്റെ പാതകളിൽ എനിക്ക് എപ്പോഴും എന്നോടുകൂടെ കർത്താവായ യേശു ഉണ്ട്. ഇതാണ് രാജാവായ ക്രിസ്തുവിനെ സ്വീകരിക്കുന്നതിന് നമ്മെത്തന്നെ ഒരുക്കുവാനുള്ള മാർഗം.